## തൃശൂരിൽ നടന്ന സോളിഡാരിറ്റി സോഷ്യൽ ഓഡിറ്റിംഗ് പ്രോഗ്രാമിൽ പ്രമുഖർ നടത്തിയ പ്രഭാഷണങ്ങളുടെ പ്രസക്ത ഭാഗങ്ങൾ



# സമരങ്ങൾക്കുമപ്പുറം ഐക്യമുന്നണി വേണം

**ടി.ടി. ശ്രീകുമാർ**


**എ**ല്ലാവരും ഓഡിറ്റിംഗുകളെ ഭയക്കുന്ന കാലമാണിത്. പുറത്തുവരുന്ന ഓരോ ഓഡിറ്റിംഗിലും ഉടഞ്ഞുപോകുന്നത് വലിയ വലിയ വിഗ്രഹങ്ങളാണ്. അത്തരമൊരു സാഹചര്യത്തിൽ ഓഡിറ്റിംഗിലൂടെ അൽപം അഭംഗം വന്നാലും കുഴപ്പമില്ലെന്ന് തീരുമാനിച്ചവർക്കുമാത്രമേ സ്വയം ഓഡിറ്റിംഗിന് വിധേയമാകാൻ കഴിയൂ. സാമൂഹികമായി ദർശന സാധ്യമായ കണ്ണുകളോടെ, മുന്നിൽ കണ്ണടയില്ലാതെ, ജനകീയമായ ബാധ്യത നിർവഹിക്കലാണ് ഓഡിറ്റിംഗിന് വിധേയമാകുന്നതിലൂടെ സംഭവിക്കുക. തെറ്റുകളുടെ ഒരു അടയാളം പോലും ഇല്ലാതാക്കുന്നതിനുള്ള ശ്രമമാണ് സോഷ്യൽ ഓഡിറ്റിംഗ്. കേരളത്തിന്റെ സാമൂഹിക ചരിത്രത്തിൽ അതിന് നല്ല പ്രാധാന്യവുമുണ്ട്.

കേരളത്തിന്റെ വർത്തമാന രാഷ്ട്രീയത്തിന്റെ ദിശാമാറ്റത്തിന്റെ ആഴം തിരിച്ചറിയുന്നതിന് ദേശീയ രാഷ്ട്രീയത്തിൽ കാര്യമായ മാറ്റം വന്ന 1920കളെ വിശകലനത്തിന് വിധേയമാക്കേണ്ടതുണ്ട്. മനുഷ്യാവകാശത്തിന്റെ രാഷ്ട്രീയം ശക്തമായി വളർന്നത് അക്കാലത്താണ്. കേരളത്തിന്റെ നവജാത ബൂർഷ്വാസി അവന്റെ രാഷ്ട്രീയം അന്ന് തിരിച്ചറിഞ്ഞു. നിവർത്തന പ്രക്ഷോഭത്തിന്റെയും അവകാശ സമരത്തിന്റേയും കാലം കൂടിയായിരുന്നു അത്. ഇന്ത്യയുടെ ഇരുപതുകളിലെ രാഷ്ട്രീയ മാറ്റത്തെ വിശകലനം ചെയ്തുകൊണ്ടാണ് വിദേശിയായ കാതറിൻ മേയ ഏറെ വിമർശനവിധേയമായ Mother India എന്ന പുസ്തകം എഴുതുന്നത്. ഇന്ത്യയിൽ ഹിന്ദുമതത്തിൽ നിന്നും നവോത്ഥാനത്തിന്റെ ശബ്ദങ്ങൾ പൊന്തിവന്നതും പി. കൃഷ്ണപിള്ള അമ്പലത്തിൽ കയറി മണിയടിക്കുന്നതും എ.കെ. ഗോപാലൻ ക്ഷേത്ര പ്രവേശത്തിനു വേണ്ടിയുള്ള സമരത്തിൽ ഏർപ്പെടുന്നതുമൊക്കെ ഇക്കാലത്താണ്. ഇരുപതുകളിലെ സവർണരാഷ്ട്രത്തിന്റെ അടിസ്ഥാനശിലകൾ പിടിച്ചുലക്കുന്ന വിമർശനങ്ങളുടെയും പുതിയ രാഷ്ട്രീയ ഗതിമാറ്റത്തിന്റെയും പശ്ചാത്തലം ഈ സാഹചര്യത്തിലാണ് ഉരുവം കൊണ്ടത്. സമീപകാലത്ത് ഹിന്ദുത്വശക്തികൾ എ.കെ.ജി.യുടെചിത്രം വെക്കുന്നതും അതിനെ സ്വാംശീകരിക്കുന്നതും തങ്ങൾക്കെതിരായിരുന്ന ആ കാലത്തെ പുതിയ സാമൂഹികാന്തരീക്ഷത്തിൽ സ്വായത്തമാക്കാനാണ്. ഞങ്ങളുടെ നേതാവിനെ നിങ്ങൾ എടുക്കേണ്ട എന്ന സി.പി.എമ്മിന്റെ പ്രഖ്യാപനമല്ല വേണ്ടത്, സവർണ ഹിന്ദുത്വത്തിന്റെ ഈ അടവു രാഷ്ട്രീയത്തെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കുകയാണ്. മാറുന്ന കേരള രാഷ്ട്രീയത്തിൽ വലിയ ചലനങ്ങൾ ഉണ്ടാക്കി പിന്നാക്ക രാഷ്ട്രീയം കടന്നുവരുന്ന പശ്ചാത്തലത്തിൽ ആർ.എസ്.എസ്സും സവർണ രാഷ്ട്രീയവും നടത്തുന്ന പുനർനിർണയ ശ്രമങ്ങളാണിത്. അല്ലാതെ നവോത്ഥാന നായകരുടെ ചിത്രം വെച്ചുമാറ്റുന്ന കണ്ണുപൊത്തിക്കളിയല്ല.

സവർണ രാഷ്ട്രീയം സ്വീകരിക്കുന്ന മാറ്റത്തിന്റെ പുതിയ യുക്തിയെ തിരിച്ചറിയണം. അങ്ങനെ തിരിച്ചറിയുന്നവർ സമരത്തിന്റെ മാത്രം മേഖലയിൽ ഒന്നിച്ചാൽ മതിയാകുകയില്ല. ഐക്യം എന്നത് ജനാധിപത്യക്രമമാണ്. സമാന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുള്ള ഐക്യശ്രമങ്ങൾ ഉണ്ടാകണം. വിട്ടുവീഴ്ചക്ക് തയാറായി പൊതുശത്രുവിനെ തിരിച്ചറിയാനുള്ള ബോധമാണ് ആവശ്യം. അക്കാദമിക പഠനങ്ങൾക്കപ്പുറം പ്രയോഗ രാഷ്ട്രീയത്തെ ഉയർത്താൻ സാധിക്കണം. അതിനായി ഐക്യത്തിന്റെ രാഷ്ട്രീയം കെട്ടിപ്പടുക്കണം. യൂറോപ്പിന്റെ മതേതര ബോധത്തെ നാം പകർത്തിയപ്പോൾ സംഭവിച്ച അബദ്ധങ്ങൾ തിരിച്ചറിയുന്ന സമൂഹ മുന്നേറ്റമാണ് ഇനി ഉണ്ടാകേണ്ടത്. സോളിഡാരിറ്റി മുന്നോട്ടുവെക്കുന്ന രാഷ്ട്രീയത്തിന്റെ താളം യോജിപ്പിന്റെ മേഖലകളെ ഉയർത്താൻ കഴിയുന്നതാണ്. അത്തരം ഒരു ജൈവ സംയോജനത്തെക്കുറിച്ച ചിന്തയാണ് ഈ സോഷ്യൽ ഓഡിറ്റ് വേളയിൽ പങ്കുവെക്കുന്നത്. ■

# സമരത്തിലും തെരഞ്ഞെടുപ്പിലും ഒരേ രാഷ്ട്രീയമുയർത്തണം

**സി.ആർ നീലകണ്ഠൻ**



**സ**മരങ്ങൾ സജീവമാകുമ്പോൾ തന്നെ സമര വിഭാഗങ്ങൾ തമ്മിലുള്ള ജൈവികമായ ഐക്യം ഇനിയും സാധ്യമായിട്ടില്ല. അതിനുള്ള ടി.ടിയുടെ ആഹ്വാനം ഏറെ പ്രസക്തമാണ്. ഞാൻ സോളിഡാരിറ്റിയിൽ സജീവമായി പങ്കെടുക്കുന്നതിനെ പലരും പലപ്പോഴും ചോദ്യം ചെയ്തിട്ടുണ്ട്. പലരും ജനകീയ സമരങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതിനുള്ള ന്യായം കണ്ടെത്തുന്നത് അങ്ങനെയാണ്. സമരത്തിന്റെ മുന്നിൽ ആരാണെന്ന് വിമർശിച്ച് പിന്തിരിയുന്ന രാഷ്ട്രീയം യഥാർഥത്തിൽ മുന്നിൽ നിൽക്കുന്നവരെ അംഗീകരി

ക്കാൻ കഴിയാത്തവരാണ്. സമരങ്ങളുടെ പിന്നിൽ നിൽക്കുന്നവരെയും തള്ളിപ്പറയുകയാണവർ. ഞാൻ സമരത്തിന്റെ ലക്ഷ്യം നോക്കി സഹകരിക്കുന്നു. അതുകൊണ്ടാണ് സോളിഡാരിറ്റി പിറക്കുന്നതിനു മുൻപേ എസ്.ഐ.ഒവുമായി സമരത്തിൽ പങ്കാളിയായത്.

മതം എന്നത് അപകടമാണെന്ന് കാണിക്കാനുള്ള ശ്രമം ഇവിടെ നടക്കുന്നുണ്ട്. ഒരു ജനപക്ഷ രാഷ്ട്രീയത്തിൽ മതത്തിന്റെ പ്രസക്തിയെ ഒരു പരിധിവരെ ഉയർത്തിക്കൊണ്ടുവരാൻ സോളിഡാരിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ അത് മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല എന്നതാണ് എന്റെ പ്രധാന വിമർശനം.

സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങളിലെ എന്റെ വിമർശനങ്ങൾ ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്. കിനാലൂരും മൂലംപള്ളിയും സോളിഡാരിറ്റി സ്വീകരിച്ച തെരഞ്ഞെടുപ്പ് സമീപനത്തിൽ നിന്നും വ്യത്യസ്തമായിരുന്നു എന്റേത്. തെരെഞ്ഞെടുപ്പ് പോലുള്ള സന്ദർഭത്തിൽ മുഖ്യധാരയുമായി സന്ധിയാവുന്ന മറ്റൊരു നിലപാട് സമരസമൂഹങ്ങൾക്ക് അസ്വീകാര്യവും അവരുടെ വിമർശനങ്ങൾക്ക് കാരണവുമാകും. കേരളത്തിൽ മാധ്യമങ്ങളുടെ പെരുപ്പം കൂടുമ്പോഴും സംവാദാത്മകത കുറയുന്നു. സംസ്ഥാനത്തിന്റെ സാമൂഹിക രാഷ്ട്രീയത്തെ മറച്ചുപിടിക്കുന്ന തമാശ വർത്തമാനങ്ങളാണ് മാധ്യമങ്ങൾ നിർവ്വഹിക്കുന്നത്. ഇതിനെയൊക്കെ മറികടക്കുന്ന ഒരു രാഷ്ട്രീയമാണ് സോളിഡാരിറ്റി മുന്നോട്ട് വെക്കുന്നത്. അതിന് ഇനിയും ഞാൻ കൂടെയുണ്ടാകും. ■

## സോളിഡാരിറ്റിക്ക് പത്തുവർഷത്തെ ചരിത്രമല്ലയുള്ളത്

**കെ.പി. ശശി**



ഒരു സംഘടന ഞങ്ങളെ വിലയിരുത്തൂ എന്നു പറയുന്നതിന് ചരിത്രപ്രാധാന്യമുണ്ട്. ഇതിന് നല്ല ധൈര്യം ആവശ്യമാണ്. അഭിനന്ദിക്കുന്നു. സോളിഡാരിറ്റി പത്ത് കൊല്ലത്തെ ഒരു സംഭവമല്ല. മറിച്ച് വാസ്കോഡഗാമ കടന്നുവന്ന കാലത്ത് തുടങ്ങിയ സാമ്രാജ്യത്വ വിരുദ്ധ സമര രാഷ്ട്രീയത്തിന്റെ തുടർച്ചയാണ്. പലയിടങ്ങളിൽ കടന്നുവന്ന റാഡിക്കൽ മുസ്ലിം രാഷ്ട്രീയത്തിന്റെ തുടർച്ച കൂടിയാണ്. കേരളത്തിൽ മാത്രമൊതുങ്ങാതെ മറ്റ് സംസ്ഥാനങ്ങളിലേക്കും കടന്നുചെല്ലുന്ന സമരബോധമാണ് സോളിഡാരിറ്റി വളർത്തിയത്. സേവനവും രാഷ്ട്രീയവും ഒന്നിച്ചുകൊണ്ടുപോകുന്ന മാനുഷിക മുഖത്തെ അടയാളപ്പെടുത്തുകയാണത് ചെയ്തത്. അർത്ഥവത്തായ യാത്രയുടെ ഉപോൽപന്നമാണ് ക്രിയാത്മക രാഷ്ട്രീയമെന്ന് ഞാൻ കാണുന്നു. എന്നാൽ സോഷ്യൽ ഓഡിറ്റിംഗിനു പുറമേ മറ്റൊരു കണക്കെടുപ്പുകൂടി പ്രതീക്ഷിക്കാവുന്ന സംഘമാണ് സോളിഡാരിറ്റി. അത് സോളിഡാരിറ്റിയുടെ വിശ്വസ്തതയെ വർധിപ്പിക്കുന്നു. മുകളിൽ നിന്നുള്ള ആത്മീയ ബോധമാണ് സോളിഡാരിറ്റിയുടെ രാഷ്ട്രീയത്തെ നയിക്കുന്നത്. മാധ്യമങ്ങൾ പുലർത്തുന്ന ഇസ്ലാമോഫോബിയയാണ് സോളിഡാരിറ്റിക്ക് ലഭിക്കേണ്ട മാധ്യമ പരിഗണന ഇല്ലാതാക്കുന്നത്. സോളിഡാരിറ്റി ഒരു പുരുഷ സംഘടനയായി തുടരാതെ അതിൽ സ്ത്രീകൾക്കു കൂടി അവസരം നൽകുന്ന ഒന്നായി മാറ്റണമെന്ന് അഭിപ്രായമുണ്ട്. അതിനുള്ള ശ്രമം വേഗത്തിലുണ്ടാകണം. മറ്റു മതസ്ഥരും വിശ്വാസമില്ലാത്തവരുമൊക്കെ പങ്കെടുക്കുന്ന പരിപാടികൾ പ്രാർഥനക്കുവേണ്ടി മാറ്റിവെക്കുന്നത് കേരളീയ ബഹുസ്വരതയിൽ കരണീയമല്ലെന്നാണ് എന്റെ അഭിപ്രായം. ■

## വിമർശനങ്ങളല്ല; ആശയ വ്യത്യാസങ്ങൾ മാത്രം

**ഡോ. വി. വേണുഗോപാൽ**

സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങളുമായി പലപ്പോഴും ഒരുമിച്ച് പ്രവർത്തിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ആശയ വ്യത്യാസങ്ങൾ നാം തമ്മിലുണ്ട്. അതുപറയാനുള്ള വേദിയായി ഇതിനെ കാണുന്നില്ല. വിമർശനങ്ങൾ കൂടുതൽ പറയാൻ ഇല്ലതാനും. എന്നാൽ, യോജിക്കാവുന്ന മേഖലയിൽ യോജിച്ച് നിന്നുകൊണ്ട് സത്യസന്ധമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.



നമ്മുടെ വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങളും ജീർണിച്ചുനിൽക്കുന്ന സാമൂഹിക ഘടനയുടെ സ്ഥാപനവത്കരണത്തിൽ പെട്ടുപോയതിനാൽ അവർക്ക് കാര്യമായി ഒന്നും നിർവ്വഹിക്കാനില്ല. സമര രാഷ്ട്രീയത്തിന്റെ പ്രതിഫലനം തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് കൊണ്ടുവരാൻ കഴിയുന്നില്ല. അധികാര രാഷ്ട്രീയമാകട്ടെ തികച്ചും വിഭിന്നവുമാണ്. എന്നിട്ടും സമര സംസ്കാരം സോളിഡാരിറ്റിയുടെ ഇടപെടലിലൂടെ വർധിച്ചിട്ടുണ്ട്.

മുസ്ലിം സമുദായത്തിലെ ചെറുപ്പത്തെ തത്വാധിഷ്ഠിതമായി സാമൂഹിക മേഖലയിലേക്ക് ആനയിച്ചതിൽ സോളിഡാരിറ്റി നല്ല പങ്കുവഹിച്ചിട്ടുണ്ട്. നിരന്തരം പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഇന്ത്യൻ മുസ്ലിംകൾ അഭിമുഖീകരിക്കുന്ന പ്രശ്നത്തെ ജനാധിപത്യപരമായ സമരങ്ങളിലൂടെ നേരിടാൻ കഴിയണം. ന്യൂനപക്ഷ സംരക്ഷണം എന്നത് വെറും ഭംഗി വാക്കിനപ്പുറം പ്രയോഗവൽക്കരിച്ച് പരിപാലിക്കേണ്ടതാണ്. അത്തരം നിലനിൽപ്പിനായുള്ള പോരാട്ടങ്ങളിൽ ഇനിയും നമുക്ക് ഐക്യപ്പെടാം. ■



# സോളിഡാരിറ്റി വളർത്തിയത് അച്ചടക്കവും ലാളിത്യവുമുള്ള ചെറുപ്പക്കാരെ

**ടി. പീറ്റർ**

**സോ**ളിഡാരിറ്റി അച്ചടക്കവും ലാളിത്യവും കൊണ്ട് ചെറുപ്പക്കാരെ വളർത്തിയെടുക്കുകയാണ്. സോളിഡാരിറ്റി അതിന്റെ ലാളിത്യം എന്നും കാത്തുസൂക്ഷിച്ചിട്ടുണ്ട്. അതൊരിക്കലും കൈവിടാതെ നിലനിർത്തണം. സമരങ്ങളുടെ ഊർജ്ജസ്വലതയായി സോളിഡാരിറ്റി മാറിയിട്ടുണ്ട്. സോളിഡാരിറ്റി പ്രായത്തിനുശേഷവും ചെറുപ്പക്കാരെ നിലനിർത്താനുള്ള വേദികളെക്കുറിച്ച് ആലോചിക്കണം. ഊർജ്ജസ്വലത നിലനിർത്തി മുന്നോട്ടുപോകുമ്പോൾ മത്സ്യത്തൊഴിലാളികളുടെ പിന്തുണ വരുംകാലങ്ങളിലുമുണ്ടാകുമെന്ന് ഉറപ്പുനൽകുന്നു. ■

# ജൈവരാഷ്ട്രീയത്തിന് ഐക്യപ്പെടണം



**ജിയോ ജോസ്**

**സോ**ളിഡാരിറ്റിയുടെ സോഷ്യൽ ഓഡിറ്റിങ് എന്നത് ഞങ്ങളൊക്കെ പ്രതിനിധീകരിക്കുന്ന നവ സാമൂഹിക ജനകീയ പ്രസ്ഥാനങ്ങളുടെ കൂടി സോഷ്യൽ ഓഡിറ്റിംഗാണന്ന് ഞാൻ മനസ്സിലാക്കുന്നു. കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും സമരങ്ങൾ ഉയർന്നുവരികയാണ്. ഓരോ നിമിഷവും അതിജീവനത്തിന് വേണ്ടി മനുഷ്യൻ പോരടിക്കുന്നു. അപ്പോൾ സമരങ്ങളെ ജനകീയമാക്കുന്നതിന് തടസ്സമാകുന്ന ഘടകങ്ങളെ കുറിച്ച് ആത്മവിമർശനത്തിന് നാം സന്നദ്ധരാവണം. കേവല കാമ്പയിനുകൾക്ക് ശേഷം മാധ്യമങ്ങൾ ജനകീയ സമരങ്ങളെ ഉപേക്ഷിക്കുകയാണ്. ഭരണകൂടങ്ങളെ തിരുത്തുന്നവരെ തീവ്രവാദികളും മാവോയിസ്റ്റുകളുമാക്കുകയാണ്. അതിനാൽ യഥാർഥത്തിൽ ഗാന്ധിയനായ ഞാൻ ഇപ്പോളൊരു മാവോയിസ്റ്റാണ്. ഇത് പറയാൻ എനിക്ക് മടിയില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ നമ്മെ അലട്ടുമ്പോൾ ഒരു ദിവസം എങ്ങനെ നമുക്ക് നിസ്സംഗരായിരിക്കാൻ കഴിയുന്നു. ജനങ്ങളുടെ പ്രശ്നങ്ങളെ നേരിടാൻ വിട്ടുവീഴ്ചകളോടെ ഒരുമിച്ചാൽ നല്ല ചലനം സാധ്യമാകും. ഇടതിനും, വലതിനും അപ്പുറം നന്മയുടെ പുതിയ ആകാശം തേടാനുള്ള കൂട്ടായ്മകൾ ഉണ്ടാകണം. ഇവിടുത്തെ സവർണ്ണ ആഗോള സാമ്രാജ്യത്വ രാഷ്ട്രീയത്തെ എതിരിടാനുള്ള ജൈവരാഷ്ട്രീയത്തെ ഉയർത്തിക്കൊണ്ടുവരണം. ■

# സോളിഡാരിറ്റി ഡി.വൈ.എഫ്.ഐ ആകാൻ ശ്രമിക്കരുത്

**റോബിൻ**



**സോ**ളിഡാരിറ്റി സാമൂഹിക കണക്കെടുപ്പിന് തയ്യാറായത് ഈ രംഗത്തുള്ളവർക്ക് വെല്ലുവിളിയാണ്. ഇത് മാതൃകാപരമാണ്. സോളിഡാരിറ്റിയുടെ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് എത്രമാത്രം കയറുന്നു എന്ന് നാം വിശകലനം ചെയ്യണം. വിപ്ലവം എന്നത് പരിഷ്കരണം മാത്രമല്ല. സാമൂഹിക പ്രക്രിയകൂടിയാണ്. അത് സാധ്യമാക്കുന്നതിന് ശ്രമിക്കുമ്പോൾ ഇത് മറ്റൊരു ഡി.വൈ.എഫ്.ഐ അല്ല എന്ന് പറയാൻ സാധിക്കേണ്ടതുണ്ട്. സോളിഡാരിറ്റി സ്വീകരിക്കുന്ന ഘടനയും പ്രവർത്തനരീതിയും ഭാവിയിൽ ഡി.വൈ.എഫ്.ഐ ക്ക് സംഭവിച്ച ജീർണതകൾ സോളിഡാരിറ്റിയിലും ഉണ്ടാക്കാൻ കാരണമാകുന്നവയാണ്. കണക്കെടുപ്പ് നടക്കുമ്പോൾ എന്ത് ചെയ്തു എന്നു മാത്രമല്ല നോക്കേണ്ടത്. എന്ത് ചെയ്തില്ല എന്നും ചെയ്യാതിരിക്കാനുള്ള തടസ്സങ്ങൾ എന്തെല്ലാമായിരുന്നുവെന്നും വിലയിരുത്തപ്പെടണം. ജീർണമായ മാധ്യമ സംസ്കാരത്തെ പിന്തുണക്കുന്നതിന്റെ സമരബോധം സോളിഡാരിറ്റിയെയും ബാധിച്ചുവെന്ന് തോന്നുന്നു. പലപ്പോഴും മാധ്യമങ്ങളാണ് സമരങ്ങളെ നയിക്കുന്നത് എന്ന ധാരണ പ്ലാച്ചിമട പോലുള്ള സമര സന്ദർഭങ്ങളിൽ സോളിഡാരിറ്റിയിൽ നിന്നുണ്ടായിട്ടുണ്ട്. സമരങ്ങളിലെ പ്രതീകാത്മകത നല്ലതാണ്, എന്നാൽ യാഥാർത്ഥ്യത്തെ ബോധത്തോടെ പ്രതീകവൽക്കരിക്കാൻ കഴിയുന്നിടത്താണ് സമരബോധം വളരുന്നത്. സമരങ്ങളിൽ സജീവമായി മുന്നേറുമ്പോഴും സമര ലക്ഷ്യങ്ങളോട് നീതി പുലർത്താൻ കഴിയുന്നോ എന്ന് പരിശോധിക്കുമ്പോൾ പ്രസിദ്ധിക്ക് വേണ്ടിയുള്ള പ്രകടനങ്ങളായി പല സമര ഇടപെടലുകളും ചുരുങ്ങുന്നു. പ്രസിദ്ധിക്കുവേണ്ടിയുള്ള ആർത്തി അതിജീവനത്തിനു പകരം അതിമോഹം വളരുന്നതിന് ഇടവരുത്തും. അധികാര രാഷ്ട്രീയത്തിന്റെ പിന്നാലെ പോകാനാണ് സോളിഡാരിറ്റിയുടെ തീരുമാനമെങ്കിൽ അത് സമര ലക്ഷ്യങ്ങളെ ഉള്ളിൽ നിന്ന് തന്നെ പരാജയപ്പെടുത്തും. സോളിഡാരിറ്റിക്ക് പുതിയ ദിശാബോധവുമുണ്ടാവണം വിമോചന ദൈവശാസ്ത്രത്തിന്റെ പരിമിതികളെ അഭിമുഖീകരിക്കാനും കഴിയണം. ■

ഒരു സംഘടന അതിന്റെ പ്രവർത്തനങ്ങളുടെ കണക്കെടുപ്പ് നടത്തി പിന്നിലേക്ക് തിരിഞ്ഞു നോക്കുക എന്ന ആശയം ആദ്യമായാണ്. സോളിഡാരിറ്റിയുടെ ജനാധിപത്യ ബോധത്തെ ആദരവോടെ അഭിനന്ദിക്കുകയും ചെയ്യുന്നു. സോളിഡാരിറ്റിയുമായി നല്ല അടുപ്പം തുടങ്ങുന്നത് വളരെ അടുത്ത കാലത്താണ്. അതുവരെയും ദൂരെ നിന്ന് സംഘടനയെ നോക്കിക്കാണുകയായിരുന്നു. അതിന് കാരണം ഒരു മുസ്‌ലിം സ്ത്രീ എന്ന നിലയിൽ ജമാഅത്തെ ഇസ്‌ലാമിയുമായി എനിക്കുള്ള രാഷ്ട്രീയ വിയോജിപ്പാണ്. ഇന്നും സോളിഡാരിറ്റിയുമായി അനേകം വിയോജിപ്പുകൾ നിലനിൽക്കുകയും ചെയ്യുന്നു. എന്നാൽ എനിക്ക് വളരെ അടുപ്പമുള്ള യുവജന സംഘടന സോളിഡാരിറ്റിയാണെന്ന് തന്നെ പറയാം. എല്ലാ സംഘടനകളോടും എനിക്ക് പ്രശ്നാധിഷ്ഠിത സൗഹൃദമാണുള്ളത്. എന്റേത് എന്ന് ഞാൻ കരുതുന്നയിടം വനിതാ സംഘടനകൾ അഥവാ ഫെമിനിസ്റ്റ് സംഘടനകളാണ്.



ഞാൻ ഫെമിനിസ്റ്റാണെന്ന് സോളിഡാരിറ്റിയുടെ വേദിയിൽ ഞാൻ പറയുന്നതിൽ സവിശേഷമായ രാഷ്ട്രീയ പ്രാധാന്യമുണ്ട്. ഒന്ന്, കേരളത്തിന്റെ

## സോളിഡാരിറ്റി എന്ത് ചെയ്തില്ല എന്ന് ചരിത്രം രേഖപ്പെടുത്തും

**കെ.കെ ഷാഹിന**

സാമൂഹിക പ്രക്രിയയിൽ വിപ്ലവകരമായ ഇടപെടൽ നടത്തുന്ന സോളിഡാരിറ്റിയെ വിമർശിക്കാമെങ്കിലും അവഗണിക്കാൻ കഴിയില്ല. ഇന്നും പെണ്ണിനെ പരിഗണിക്കാൻ സോളിഡാരിറ്റിക്ക് കഴിഞ്ഞിട്ടില്ല. ജനസംഖ്യയുടെ പാതിവരുന്ന ഒരു സമൂഹത്തെ പരിഗണിക്കാതെ എങ്ങനെ മുന്നോട്ടു പോകാൻ കഴിയും. പുരുഷമേധാവിത്വത്തോടെ മുന്നോട്ടുപോകുന്ന ഒരു സംഘടനയാണ് സോളിഡാരിറ്റി. ഇതിനെ മറികടക്കാൻ സോളിഡാരിറ്റിക്ക് കഴിയുമോ എന്നത് എന്റെ സംശയമാണ്.

ജമാഅത്തെ ഇസ്‌ലാമി മുന്നോട്ടുവെക്കുന്ന പ്രത്യയശാസ്ത്ര സമീപനത്തിൽ നിന്ന് സോളിഡാരിറ്റി എന്നെങ്കിലും വ്യത്യാസപ്പെട്ടിട്ടുണ്ടോ? ലിംഗപരതയെ സോളിഡാരിറ്റി എങ്ങനെയാണ് സമീപിക്കുന്നത്? കുടുംബം എന്ന സ്ഥാപനത്തെ എങ്ങനെയാണ് സോളിഡാരിറ്റി വിശകലനം ചെയ്യുന്നത്? കുടുംബം എന്നത് രാഷ്ട്രീയ സ്ഥാപനമാണെന്നും അതിനെ രാഷ്ട്രീയമായി സമീപിക്കേണ്ടതാണെന്നും സോളിഡാരിറ്റി വിശ്വസിക്കുന്നുണ്ടോ? എന്തുകൊണ്ടാണ് സോളിഡാരിറ്റിയിൽ സ്ത്രീകൾക്ക് അംഗത്വം നൽകാത്തതെന്ന് പറയാൻ ഈ പത്താം വാർഷികത്തിൽ ബാധ്യതയുണ്ട്. ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയാതിരിക്കുന്നത് സോളിഡാരിറ്റിയുടെ പോരായ്മയാണ്. അടിസ്ഥാനപരമായ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയാതെ സംഘടനക്ക് കൂടുതൽ മുന്നോട്ടുപോകാൻ കഴിയില്ല. പത്ത് വർഷത്തെ സോളിഡാരിറ്റിയുടെ പ്രവർത്തനം ശക്തമായിരുന്നു. ഇത് ചരിത്രത്തിലെ നല്ല ഏടാകും. എന്നാൽ ഭാവിയിൽ, ചെയ്ത പ്രവർത്തനങ്ങളെക്കാൾ ചെയ്യാതിരുന്ന പ്രവർത്തനങ്ങളുടെ പേരിലാകും സംഘടന അടയാളപ്പെടുത്തപ്പെടുക. ■

## സ്വന്തമായ പ്രവർത്തന ശൈലി കൂടുതൽ ഉണ്ടാവട്ടെ

**മുജീബുർറഹ്മാൻ കിനാലൂർ**

ഞാൻ പ്രതിനിധീകരിക്കുന്ന പ്രസ്ഥാനം വ്യത്യസ്തതകളെ നേരിടാനും അതിനോട് സംവദിക്കാനും കഴിയുന്ന ഒരു ഇടമുണ്ടാക്കാൻ മുൻകാലത്ത് നടത്തിയ പ്രവർത്തനം അതിന്റെ പിരിച്ചു വിടലിൽ കലാശിച്ചത് എല്ലാവർക്കും അറിയാം. യാഥാസ്ഥിതിക സംഘടനകളിൽ ഇത്തരം പ്രശ്നങ്ങൾ ഇതിനേക്കാൾ രൂക്ഷമാണെന്ന് പറയേണ്ടതില്ലല്ലോ. ഇവിടെയാണ് സങ്കീർണമായ വ്യത്യസ്ത പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന സോളിഡാരിറ്റി സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാകുന്നത് ഗൗരവപൂർണമാകുന്നത്.

സോളിഡാരിറ്റി മൗദൂദിയൻ ആശയങ്ങളിൽ നിന്ന് മാറുന്നു എന്ന് തുറന്ന് പറഞ്ഞിട്ടില്ല. എന്നാൽ അതിന്റെ പ്രവർത്തനങ്ങളും പരിപാടികളും സൂചിപ്പിക്കുന്നത്



മൗദൂദിയിൽ നിന്നും ഏറെ മുന്നോട്ട് പോയി എന്നാണ്. തീർത്തും അനീതി നിറഞ്ഞ നവലിബറൽ കാലത്ത് ദുർബലന്റെ ഭാഗത്ത് നിൽക്കാൻ കഴിയുന്ന യുവജന സംഘടനകളില്ലാത്ത സാഹചര്യത്തിലാണ് സോളിഡാരിറ്റിയുടെ പ്രസക്തി. അതാണ് അവരുമായി സഹകരിക്കാനുള്ള എന്റെ പ്രേരകം. എന്നാൽ സോളിഡാരിറ്റി സവിശേഷമായ രാഷ്ട്രീയതയെ ഉയർത്തിപ്പിടിക്കേണ്ടതുണ്ട്. ഒരു ഇടതു യുവജന സംഘടനയുടെ പ്രവർത്തനത്തിന്റെ കുറവ് പരിഹരിക്കുന്നതിനപ്പുറം സ്വന്തമായ പ്രവർത്തന ശൈലിയുമായി ഇനിയും മുന്നോട്ട് പോകാൻ കഴിയണം. കക്ഷിരാഷ്ട്രീയങ്ങളുടെ സമരങ്ങളെ വോട്ട് രാഷ്ട്രീയമായി ജനം കാണുന്ന ശീലമാണ് കേരളത്തിന്റേത്. അധികാര രാഷ്ട്രീയത്തിനപ്പുറത്തേക്കുള്ള ഒരു സമര രാഷ്ട്രീയത്തെ പ്രകടിപ്പിക്കാൻ സോളിഡാരിറ്റിക്ക് കഴിയുമോ എന്ന ആശങ്ക ഞാൻ പങ്കുവെക്കുന്നു. ■

# സംവാദത്തിന്റെ ശരിയായ ഭാഷയുണ്ടായോ എന്ന് തിരിച്ചറിയാം

**രേഖാ രാജ്**

സ്വയം വിമർശം തന്ത്രപരമായ ഒരു അടവുനയമായി മാറാതിരിക്കട്ടെ. കേരളത്തിലെ പ്രത്യേക രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളുടെ സങ്കീർണതയെ ചുരുളഴിച്ചാൽ മാത്രമേ പുതിയ ഒരു രാഷ്ട്രീയ കേരളം രൂപപ്പെടുത്താൻ സാധിക്കൂ. ജനാധിപത്യത്തെ കുറിച്ചുള്ള സങ്കൽപ്പങ്ങളിലെ 'പൊതു'വിൽ ദലിതരും ന്യൂനപക്ഷങ്ങളും ഉൾപ്പെടുന്നില്ല. അതുകൊണ്ടാണ് ദലിതരും ന്യൂനപക്ഷങ്ങളും സംഘടിക്കുമ്പോൾ സംശയാസ്പദമാകുന്നത്. ആദ്യകാല ദലിത് കൂട്ടം എന്നത് പുരുഷകൂട്ടംതന്നെയായിരുന്നു. നവോത്ഥാനമെന്നത് പുരുഷൻമാരുടെ അജണ്ടയായതിനാൽ എല്ലാ പരിഷ്കരണ പ്രസ്ഥാനങ്ങളിലുമെന്നപോലെ ആൺകോയ്മയുടെ ഒരു മുൻതൂക്കം ഇതിനുമുണ്ട്. അതുകൊണ്ടുതന്നെ സോളിഡാരിറ്റിയിൽ സ്ത്രീകളെ കാണാത്തതിൽ വലിയ അത്ഭുതമൊന്നുമില്ല. ഈ നവോത്ഥാനത്തെ ചോദ്യം ചെയ്യാൻ സ്ത്രീ സാന്നിധ്യം ഉണ്ടാകുമ്പോഴാണ് ഒരു പ്രസ്ഥാനം പരിഷ്കരണ സ്വഭാവം വിട്ട് യഥാർഥ ജനാധിപത്യ സ്വഭാവം പ്രാപിക്കുന്നത്.



സോളിഡാരിറ്റിയുടെ പത്തുവർഷം വിലയിരുത്തുമ്പോൾ കഴിഞ്ഞ പത്തുവർഷം കേരളത്തിലെ വ്യത്യസ്തമായ രാഷ്ട്രീയ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ സംഭവിച്ചുവെന്നാണ് വിലയിരുത്തേണ്ടത്. പ്രത്യേകമായും ഫെമിനിസ്റ്റ്, ദലിത്, മുസ്‌ലിം പ്രസ്ഥാനങ്ങൾ തീർത്ത ചുറ്റുപാടിനോട് സംവദിക്കേണ്ട ഒരവസ്ഥകൂടി കഴിഞ്ഞ പത്തുവർഷത്തിൽ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ദലിത് പ്രസ്ഥാനങ്ങൾ ഉയർത്തുന്ന വ്യത്യസ്തങ്ങളായ രാഷ്ട്രീയ പ്രശ്നങ്ങളോടുള്ള സമീപനങ്ങളും അവരോട് സംവദിക്കേണ്ട ഭാഷയും സഹതാപം എന്നതിനപ്പുറം കീഴാള രാഷ്ട്രീയവുമായുള്ള ഇടപെടലും അധികാരം പങ്കുവെക്കുന്നതിൽ ദുർബലവിഭാഗങ്ങളോടുള്ള സമീപനവുമായി മാറിയിട്ടുണ്ടോ എന്ന് വിലയിരുത്തണം.

സൂക്ഷ്മമായ മറ്റൊരു രാഷ്ട്രീയത്തിന്റെ ഭാഷ അന്വേഷിക്കുന്നവരെന്ന നിലക്ക് എനിക്കും നിങ്ങൾക്കും ഫലപ്രദമായി ഇടപെടാൻ കഴിയുന്ന ഇടങ്ങളെ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. വിശാലമായ ഒരു രാഷ്ട്രീയ സഹയാത്രികനായാണ് ഞാൻ സോളിഡാരിറ്റിയെ കാണുന്നത്. എനിക്ക് ശുഭപ്രതീക്ഷയുണ്ട്. എന്നാലും ഞാൻ ചോദിച്ചുകൊണ്ടിരിക്കും; എന്തുകൊണ്ട് സോളിഡാരിറ്റി പുരുഷകേന്ദ്രീകൃതമാകുന്നത്, ദലിത് രാഷ്ട്രീയത്തോട് ഏത് തരം ഭാഷയാണ് നിങ്ങൾ വളർത്തിയത് എന്ന്. ■

# സോളിഡാരിറ്റി എനിക്കൊരു സൈദ്ധാന്തിക സുഹൃത്താണ്

**കെ.കെ ബാബുരാജ്**

നമ്മുടെ നിത്യ ജീവിതത്തിൽ നമ്മൾ ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്ന, ഇടപെട്ടുകൊണ്ടിരിക്കുന്ന ഒരു പുതിയ തരം വ്യവഹാരമായി സംസ്കാരം മാറിയിട്ടുണ്ട്. ജനകീയ സമരങ്ങൾക്ക് എന്തോ വലിയ പ്രാധാന്യവും, സംസ്കാരം അതിന് അന്യമായ ഒരു സങ്കൽപവും ഉള്ളതുപോലെ ചിലർ കരുതുന്നതായി എനിക്ക് തോന്നിയിട്ടുണ്ട്. ഒരു സൈദ്ധാന്തിക സുഹൃത്താണ് എനിക്ക് സോളിഡാരിറ്റി. ആ അർഥത്തിലാണ് ഞാൻ സോളിഡാരിറ്റിയെ വിലയിരുത്തുന്നത്. സോളിഡാരിറ്റി സംസ്കാരത്തിൽ ഇടപെട്ടിട്ടുണ്ടോ? അടുത്ത പത്തുവർഷത്തിൽ ഒരു പുസ്തകമെഴുതിയാൽ സോളിഡാരിറ്റി അടയാളപ്പെടുത്തപ്പെടുമോ? പൊതുസമൂഹം അതിന് തയാറാവില്ല.



പൊതുവിൽ നിന്ന് വ്യത്യസ്തമായ അപരവൽകരിക്കപ്പെട്ടവരുടെ മുന്നേറ്റങ്ങളെയോ വിജ്ഞാനങ്ങളെയോ അത് അടയാളപ്പെടുത്തുകയില്ല. പൊതുമണ്ഡലം നമ്മുടേതുകൂടിയായി മാറ്റിപ്പണിയേണ്ടിയിരിക്കുന്നു. ഈ സോളിഡാരിറ്റി ഇടതുപക്ഷതീവ്രവാദികളായിരുന്നെങ്കിൽ അവർക്ക് വൻ മാധ്യമ ശ്രദ്ധ ലഭിക്കുമായിരുന്നു. സോളിഡാരിറ്റിയെ കേരളത്തിൽ സംശയത്തോടെ നോക്കിക്കാണാൻ പ്രേരിപ്പിക്കുന്ന അടയാളപ്പെടുത്തലുകളാണ് ഇടത് ലിബറൽ എഴുത്തുകാരുടെ ഭാഗത്തുനിന്നുള്ളത്. ഇടതുപക്ഷം ഇല്ലാത്തിടത്താണ് സോളിഡാരിറ്റി ഇരിക്കുന്നത്. ഇടതുപക്ഷം ദുർബലമായാൽ അവിടെ ജാതി-മത ശക്തികൾ കടന്നുവരും. അതിനാൽ ഇടതുപക്ഷത്തെ ശക്തിപ്പെടുത്തുക എന്ന വാദ സമർപ്പണത്തിന്റെ തെളിവാണ് പലർക്കും സോളിഡാരിറ്റി. നിലനിൽക്കുന്ന വിശകലന രീതികൾ അപരങ്ങളെകുറിച്ച് പഠിക്കുകയോ വിലയിരുത്തുകയോ ചെയ്തിട്ടില്ല. ഇസ്‌ലാമിക പൊതു വ്യക്തിത്വങ്ങൾ അംഗീകരിക്കപ്പെടാത്തത് മതത്തിന്റെ പരിമിതിയല്ല. പൊതുബോധത്തിന്റെ പരാജയമാണ്. ഒരു സമര നേതാവിനെ കേരളം അംഗീകരിക്കും. പക്ഷെ, മൗദൂദിയുടെ സിദ്ധാന്തം പറയുന്ന സോളിഡാരിറ്റിയെ കേരളം അംഗീകരിക്കില്ല. സോളിഡാരിറ്റി പൊതുസമൂഹത്തിന്റെ ഇടയിലേക്ക് കയറി നിൽക്കുന്നതിനു പകരം പൊതു ഇടത്തെ തിരുത്താനാണ് തയ്യാറാകേണ്ടത്. ■

# ബഹിഷ്കരണത്തെ സമരായുധമാക്കുക

**എം.പി. പരമേശ്വരൻ**



**ചെ**റുപ്പക്കാരുടെ കൂട്ടായ്മകൾകൊണ്ടുള്ള പ്രവർത്തനമാണ് നാടിനാവശ്യം. വിദേശ സംസ്കാരത്തിന്റെ സ്വാധീനം അപകടകരമായി വളർന്നിരിക്കുന്നു. ബോധവൽക്കരണങ്ങൾ കൊണ്ടോ കേവല പ്രവർത്തനങ്ങൾകൊണ്ടോ മറികടക്കാൻ കഴിയാത്ത ഒന്നായി അത് മാറിക്കഴിഞ്ഞു. സാമൂഹിക രാഷ്ട്രീയ വിപ്ലവത്തിന്റെ തുടർച്ചക്കായി ഒരു സാംസ്കാരിക വിപ്ലവം അനിവാര്യമാണന്ന ധാരണ ശരിയാണെന്നു തെളിഞ്ഞു കഴിഞ്ഞു. സാമ്പത്തിക വളർച്ചയെ മാത്രം വികസനത്തിന്റെ അളവുകോലായി കാണുകയാണെങ്കിൽ മാനവരാശിക്ക് അതൊരു ദുരന്തമായിരിക്കും. വളർച്ച മാത്രമല്ല നിയന്ത്രണവും സാമൂഹികവും പ്രകൃതിപരവുമായ നിലനിൽപ്പിന് നിർബന്ധമാണ്. വികസന വിഷയത്തിൽ സമൂലമായ ഒരു മാറ്റത്തിനു തയാറായില്ലെങ്കിൽ വരുന്ന തലമുറക്ക് സംഭവിക്കുന്ന ദുരന്തത്തെ നേരിടാൻ നമുക്ക് കഴിയില്ല. ശത്രുവിനെ തിരിച്ചറിയാനും അതിനെ വേദനിപ്പിക്കാൻ കഴിയുന്ന സമരങ്ങൾ രൂപപ്പെടുത്താനും കഴിയണം. ശത്രുവിനെ നേരിടണമെങ്കിൽ നമുക്ക് നല്ല നിലപാടുകൾ ഉണ്ടായിരിക്കണം. മൂലധന ശക്തികൾക്കെതിരെ വിപണി നിയമങ്ങൾ ആവിഷ്കരിക്കാൻ കഴിയണം. സ്വാശ്രയത്വത്തിലൂടെയുള്ള ഉൽപാദന സാധ്യതയെ പ്രയോജനപ്പെടുത്തി പ്രാദേശിക വിപണി ശക്തിപ്പെടുത്തണം. അതുവഴി ആഗോള വിപണിയെ നേരിടാൻ കഴിയണം. അങ്ങനെയുള്ള ക്രിയാത്മകമായ ബഹിഷ്കരണ സമരങ്ങൾ വളർത്തിക്കൊണ്ടുവരാനുള്ള യുവഭാവനകളെ വിടർത്താനും നേതൃത്വം വഹിക്കാനും സോളിഡാരിറ്റിക്ക് കഴിയണം. ■

# വിമോചന ദൈവശാസ്ത്രത്തിന്റെ പരിമിതികളെ അഭിമുഖീകരിക്കാൻ കഴിയണം

**ഡോ. ആസാദ്**

**ആ**ഗോളവത്കരണം എല്ലാ അർഥത്തിലും ജനങ്ങളെ വിഭജിക്കുകയാണ്. സാമ്രാജ്യത്വ വിരുദ്ധ സമരത്തിന്റെ നേതൃത്വമേറ്റടുക്കാൻ സോളിഡാരിറ്റിക്ക് കഴിയുമോ എന്നതാണ് പ്രസക്തമായ വിഷയം. ഇന്നത്തെ സമരങ്ങളുടെ മുന്നിൽ സോളിഡാരിറ്റിയുടെ പ്രവർത്തകരുടെ സാന്നിധ്യം ശക്തമാണ്. എന്റെ ചോദ്യം സോളിഡാരിറ്റിക്ക് സമരങ്ങളുടെ നേതൃസ്ഥാനത്ത് എത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്നാണ്. ഒരു അടിസ്ഥാന ദർശനത്തിലൂന്നിയ സോളിഡാരിറ്റി ദൈവശാസ്ത്രത്തിന്റെ പരിമിതികളും സാധ്യതകളും ഉയർത്തുന്നുണ്ട്. സാധ്യതകളെ പരിഗണിക്കുമ്പോൾ പരിമിതികൾ അതിനെ വേട്ടയാടുന്നുണ്ട്. അതുകൊണ്ടാണ് സോളിഡാരിറ്റിയിൽ ലിംഗപരമായ പ്രശ്നമുയരുന്നത്. വിമോചന ദൈവശാസ്ത്രത്തെ സോഷ്യലിസ്റ്റ് ആസൂത്രണത്തിന്റെയും അന്വേഷണത്തിന്റെയും പാതയിൽ കൊണ്ടുപോയ ഷാവേസ് വിടവാങ്ങുന്ന നാളുകളിൽ പുതിയ മാർപ്പാപ്പ അർജന്റീനയിൽ നിന്ന് വരുന്നതിൽ രാഷ്ട്രീയമുണ്ട്. മതത്തിന്റെ സാമ്രാജ്യത്വ വിരുദ്ധത തിരിച്ചറിയാനുള്ള ബോധം ഇവിടുത്തെ സാമ്രാജ്യത്വ വിരുദ്ധർക്കില്ല. ഇത് നമ്മുടെ സമരങ്ങളെ ദുർബലപ്പെടുത്തുന്നു. ഇതിനെ അതിജീവിക്കാൻ സോളിഡാരിറ്റിക്ക് എങ്ങിനെ സാധിക്കുമെന്ന് നിങ്ങൾ ആലോചിക്കണം. ■



# ആശയങ്ങളുടെ പ്രയോഗമാണ് വിലയിരുത്തേത്

**വിളയോടി വേണുഗോപാൽ**



**ആ**ശയ സംവാദങ്ങൾക്കപ്പുറം ആശയങ്ങളെ എങ്ങനെ പ്രയോഗങ്ങളാക്കാമെന്നാണ് അന്വേഷിക്കേണ്ടത്. സാമ്പ്രദായിക രാഷ്ട്രീയ കക്ഷികളുടെ ഇടപെടലിന്റെ ശൂന്യതയിലാണ് സോളിഡാരിറ്റി കയറി നിന്നത്. ഇവരുടെ സമരങ്ങൾ തന്ത്രമാണെന്ന് പലരും പറഞ്ഞിട്ടുണ്ട്. നേർ വിപരീതമാണ് അനുഭവം. മതമൂല്യങ്ങളായാലും രാഷ്ട്രീയ മൂല്യങ്ങളായാലും ആത്മാർഥമായ ഇടപെടലുകളാണ് ഉണ്ടാകേണ്ടത്. സോളിഡാരിറ്റിയിൽ നിന്നത് ലഭിച്ചു. രാഷ്ട്രീയ പാർട്ടികളിൽ നിന്ന് വഞ്ചനകളുടെ അനുഭവവും. വിയോജിപ്പുകളിൽ യോജിപ്പുകൾ കണ്ടെത്താൻ കഴിയുന്നതാവണം നമ്മുടെ മൂല്യബോധം. സ്ത്രീപുരുഷ തുല്യത പറയുന്നവർ തന്നെ സ്ത്രീപീഡകരാകുന്ന കാലമാണിത്. അതുകൊണ്ടാണ് നമ്മുടെ സംസ്കാരങ്ങളെക്കുറിച്ച ചർച്ച വേണ്ടിവരുന്നത്. ■



# സ്ത്രീകളെ പരിഗണിക്കലാണ് ജനാധിപത്യ പ്രവര്‍ത്തനം

**രാധാകൃഷ്ണന്‍ എം.ജി**

ജനാധിപത്യ വ്യവസ്ഥയിലെ പ്രവര്‍ത്തനപാതയില്‍ സ്ത്രീയില്ല എന്നത് വികലമായ നടത്തത്തിന്റെ സൂചനയാണ്. സമൂഹത്തിന്റെ പകുതിയോ അതിലധികമോ വരുന്ന സ്ത്രീകളെ പരിഗണിക്കാതെ പോകുന്നതില്‍ ജമാഅത്തെ ഇസ്‌ലാമി ഒന്നാം പ്രതിയാണ്. സ്ത്രീയെ സോളിഡാരിറ്റി അദൃശ്യവല്‍ക്കരിക്കുകയാണ് ചെയ്തത്. സ്ത്രീകള്‍ നേരിടുന്ന ഓരോ പ്രശ്‌നങ്ങളും നമ്മുടെ വ്രണമാണ്. സ്ത്രീ പ്രശ്‌നത്തെ അഭിമുഖീകരിക്കാന്‍ കഴിയാത്തതിന് കാരണം കേരളത്തില്‍ ആരോഗ്യകരമായ സ്ത്രീ-പുരുഷ സഹകരണം നടക്കാത്തതാണ്.

സ്ത്രീകളെ മാറ്റിനിര്‍ത്തുന്ന നിര്‍ദ്ദേശങ്ങള്‍ ഏതു മതസങ്കല്‍പങ്ങളുടെ പേരിലായാലും ചോദ്യം ചെയ്യേണ്ട ഒന്നാണ്. സ്ത്രീക്കും പുരുഷനും ഒരുമിച്ചു പ്രവര്‍ത്തിക്കാനുള്ള പൊതുവേദി ഇല്ലാതാക്കുന്ന സാമൂഹിക സാമ്പത്തിക വികാസം ചരിത്രത്തിന്റെ ഗതികേടാണ്. മതത്തിന്റെ അടിസ്ഥാന സ്വഭാവം അപരനെ സൃഷ്ടിക്കലാണ്. കേരളത്തില്‍ ജമാഅത്തെ ഇസ്‌ലാമി ജീവിത പ്രശ്‌നങ്ങളെ അഭിമുഖീകരിക്കുമ്പോള്‍ മറ്റു സ്ഥലങ്ങളില്‍ അത്തരം ശീലങ്ങളില്ലാതെ പോകുന്നത് മതത്തിന് അടിസ്ഥാനപരമായി ഈ ഗുണം ഇല്ലാത്തതിനാലാണ്. അതുകൊണ്ടാണ് ജമാഅത്തിന്റെ കേരളത്തിലെ പ്രവര്‍ത്തനങ്ങള്‍ തന്ത്രപരമെന്ന് ശങ്കിക്കുന്നത്. കേരളത്തിലെ ഇടതു സാമൂഹികതയുടെ സമ്മര്‍ദമല്ലേ സോളിഡാരിറ്റിയുടെ പ്രവര്‍ത്തനങ്ങള്‍ക്ക് പ്രേരകം തുടങ്ങിയ ചോദ്യങ്ങളെ ഫലപ്രദമായി അഭിമുഖീകരിക്കുന്നില്ല എന്നതാണ് പ്രശ്‌നം. ■



# അച്ചടക്കമുള്ള പാര്‍ട്ടി സംവിധാനം

**ശോഭാ സുബിന്‍**

മികച്ച അച്ചടക്കമാണ് സോളിഡോരിറ്റിയുടേത്. കാര്യക്ഷമവും നൈരന്തര്യവുമായ പ്രവര്‍ത്തനങ്ങളാണ് നടത്തുന്നത്. യൂത്ത് കോണ്‍ഗ്രസ്സിനും കെ.എസ്.യുവിനും അതിന് സാധിക്കുന്നില്ല. എന്നിട്ടും സോളിഡാരിറ്റിക്ക് കാര്യമായ ജനപിന്തുണ ലഭിക്കാത്തത് എന്തുകൊണ്ടാണ് എന്ന് ആലോചിക്കാന്‍ തയാറാകണം. മുസ്‌ലിം സമുദായത്തെ മാത്രം പ്രവര്‍ത്തന പ്രതലമായി കാണുന്നതാണ് അതിന്റെ കാരണം. ഒരു സമുദായത്തിനകത്ത് നിന്ന് പൊതു വിഷയങ്ങളില്‍ ഇടപെടുമ്പോള്‍ വര്‍ഗീയതയടക്കമുള്ള അപകടങ്ങള്‍ വരാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. ■

# കൂടുതല്‍ ഇസ്‌ലാമാകുക

**ടോമി മാത്യു**



സോളിഡാരിറ്റി മികച്ച ഇസ്‌ലാമിസ്റ്റുകളാകുന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഇസ്‌ലാമിക സാക്ഷ്യത്തെ നന്നായി പ്രഖ്യാപിക്കാനുള്ള ഉള്ളും ആര്‍ജ്ജവവുമാണ് ഉണ്ടാവേണ്ടത്. മൂലധനത്തിന്റെ വെളിച്ചത്തില്‍ ബൈബിള്‍ വായിച്ചു. എന്നാല്‍ ബൈബിളിന്റെ വെളിച്ചത്തില്‍ മൂലധനത്തെ വായിച്ചില്ല. കേരളത്തിലെ സോളിഡാരിറ്റി നേരിടുന്ന വെല്ലുവിളി മതേതരമാകാനുള്ള പ്രലോഭനത്തില്‍ വശംവദരാകുന്നു എന്നതാണ്. മതേതരത്വത്തിന്റെ പശ്ചാത്തലത്തില്‍ നിങ്ങളുടെ മതവിശ്വാസത്തെ വീണ്ടും വീണ്ടും പുനരാലോചന ചെയ്യണം. നല്ലതാണത്. എന്നാല്‍, എന്തുകൊണ്ടാണ് നിങ്ങളുടെ ആത്മീയ ദാര്‍ഢ്യങ്ങളില്‍ നിന്ന് മതേതര ലോകത്തെ വിചാരണ ചെയ്യാത്തത്? ഇത് ചെയ്തില്ലെങ്കില്‍ നഷ്ടം നിങ്ങള്‍ക്ക് മാത്രമല്ല, അത്ര കണ്ട് നിലനില്‍ക്കുന്ന രാഷ്ട്രീയത്തിനു കൂടിയാണ്. രാഷ്ട്രീയം അത്രക്ക് ആത്മീയരഹിതമാണ്. രാഷ്ട്രീയത്തെ നനവുള്ളതും ആര്‍ദ്രവും ആക്കാന്‍ ആത്മീയ ഭാവം ആവശ്യമാണ്. ഓരോ സമരരംഗത്തും മതപരമായും ആത്മീയമായും എന്താണോ ചെയ്യേണ്ടത് അത് സോളിഡാരിറ്റി ചെയ്യുന്നില്ല. സമരങ്ങളെ ഇസ്‌ലാമിക ഭൂമികയില്‍ നേരിടാന്‍ കഴിയണം. കേരളീയമായ ഒരു ഇസ്‌ലാമിക സാക്ഷ്യം ഇനിയും സാധ്യമായിട്ടില്ല. വിശുദ്ധി നശിപ്പിക്കുന്ന എല്ലാ പദ്ധതികളുടെയും നാമമാണ് മതേതരത്വം. ഈ മതേതര പട്ടികയുടെ പിന്നില്‍ കൈയൊപ്പിടാനുള്ള അന്വേഷണമായി സോളിഡാരിറ്റിയുടെ ഇടപെടലുകള്‍. മതേതര സമൂഹത്തിന്റെ ആദരവ് പിടിച്ചു പറ്റുന്നതിനുള്ള വേവലാതികളാണ് സോളിഡാരിറ്റിക്കുള്ളത്. സ്വന്തം സമുദായത്തിന്റെ ഭാഷ മനസ്സിലാക്കി അവരോട് സംസാരിക്കാനും സോളിഡാരിറ്റി തയ്യാറാകണം. ■



# വാതിലുകൾ തുറന്നിട്ട് വിമർശനക്കാറ്റുകൾക്ക് പ്രവേശനം നൽകുക

**ടി. ആരിഫലി**

ഇസ്‌ലാമിക മൂല്യങ്ങളിലൂന്നിയ നീതിബോധത്തിലൂടെ മനുഷ്യ നന്മയെ ഉയർത്തലാണ് സോളിഡാരിറ്റിയുടെ രൂപീകരണ ലക്ഷ്യം. സനാതന മൂല്യങ്ങൾ അതിന്റെ പ്രധാന ഭാഗമാണ്. ദൈവിക ദർശനങ്ങളും പ്രവാചകാധ്യാപനങ്ങളും വഴി ഉണ്ടാകുന്ന മൂല്യങ്ങളുടെ ഒരു പ്രവർത്തന പദ്ധതിയാണ് സോളിഡാരിറ്റി. മനുഷ്യനെ മുഴുവൻ പങ്കാളികളാക്കുന്ന ജനാധിപത്യം. ശിശു-മാതൃ-പിതൃ ബന്ധങ്ങൾക്ക് വിള്ളലിന് ഇടമൊരുക്കുന്ന മതേതര മുദ്രാവാക്യങ്ങളുയർത്തിയ ആധുനികതയുടെ പാർശ്വഫലങ്ങളെ അഭിമുഖീകരിക്കുന്ന ഒരു ചെറുപ്പത്തെയാണ് ജമാഅത്തെ ഇസ്‌ലാമി സ്വപ്നം കണ്ടത്. അത് സ്വന്തം കാലിൽ നിന്ന് സോളിഡാരിറ്റി വികസിപ്പിച്ചെടുത്തു.

ജമാഅത്തെ ഇസ്‌ലാമി സ്ത്രീകൾക്ക് കാര്യമായി പ്രാധാന്യം കൊടുക്കാൻ എപ്പോഴും ശ്രദ്ധിക്കുന്നു. അക്കാര്യത്തിൽ ദൈവശാസ്ത്രപരമായ പ്രശ്നങ്ങളില്ല. അതുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമി ദേശീയ നേതൃരംഗം മുതൽ താഴോട്ട് ഭാരവാഹിത്വം വരെ സ്ത്രീകൾക്ക് പ്രാതിനിധ്യവും അവസരവും നൽകിയത്. സോളിഡാരിറ്റിയിൽ സ്ത്രീകൾ വരണമെന്നത് ജമാഅത്തെ ഇസ്‌ലാമിയുടെ തീരുമാനത്തിനുള്ള ഒരു നിമിഷത്തിന്റെ മാത്രം വിഷയമാണ്. അങ്ങനെ ഒരു തീരുമാനം വന്നാൽ പുരുഷന്മാരെ കവച്ച് വെക്കുന്ന തരത്തിൽ സ്ത്രീകൾ പ്രവർത്തിക്കാൻ ഉണ്ടാകും. ഇന്ത്യയിലെ ഇസ്‌ലാമിക സമൂഹത്തിൽ സ്ത്രീ ശാക്തീകരണം എങ്ങനെ സാധ്യമാകും എന്നത് ഒരു മത സമൂഹത്തിന്റെ രസതന്ത്രവും ആ സമുദായത്തിന്റെ മനശാസ്ത്രവും മുന്നിൽ വെച്ചുകൊണ്ടുള്ള ഒരു സോഷ്യൽ എഞ്ചിനീയറിംഗ് മാത്രമാണ് സോളിഡാരിറ്റി യൂത്ത് മൂവ്മെന്റിൽ സ്ത്രീകൾ വേണ്ടതില്ല എന്ന തീരുമാനം. ഇനി ഇത് വേണമെന്ന് തീരുമാനിക്കാൻ മതമോ പ്രവാചകാധ്യാപനങ്ങളോ തടസ്സമല്ല.

സോളിഡാരിറ്റിയുടെ ഭൂമിക സോളിഡാരിറ്റി തന്നെ രൂപപ്പെടുത്തിയതാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ കൺവെട്ടത്താണ് സോളിഡാരിറ്റി വളരുന്നത്. വിശകലനം ചെയ്തും തിരുത്തിയുമാണ് ഇസ്‌ലാമിക പ്രസ്ഥാനം മുന്നോട്ടു പോകുന്നത്.ഇസ്‌ലാമിക അടിത്തറയിൽ നിന്നുകൊണ്ട് ഖലീഫമാരെപോലും വിലയിരുത്തിയ മൗദൂദി രൂപപ്പെടുത്തിയ പ്രസ്ഥാനം. മൗദൂദി ചിന്ത ജമാഅത്തിന് ഒരു മികച്ച റഫറൻസാണ്, മറ്റു ധാരാളം ഇസ്‌ലാമിക പണ്ഡിതന്മാരെപ്പോലെ.

മതേതര പൊതുബോധത്തിൽ നിന്നുകൊണ്ട് സാമ്രാജ്യത്വബോധം വളർത്തുന്ന ഇസ്‌ലാംപേടിയെ നേരിടാനുള്ള ശ്രമങ്ങളെയും വ്യക്തികളെയും ഞങ്ങൾ വിലമതിക്കുന്നു. അതുകൊണ്ടാണ് സോളിഡാരിറ്റി വേദിയിൽ വിമർശകരും അനുഭാവികളും ഒത്തുചേരുന്നത്. ഇനിയും വാതിലുകൾ തുറന്നിട്ട് വിമർശനങ്ങളുടെ കാറ്റിനെ പ്രവേശിപ്പിച്ച് പരിശോധിക്കും. അതാകും ഏറ്റവും സർഗാത്മകമായ കണക്കെടുപ്പ്. ■